**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 162 — 26.09.2016 ൽ മറുപടിയ്ക്ക്

## വാട്ടർമെട്രോ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | എറണാകുളത്ത് നടപ്പിലാക്കുന്ന വാട്ടർമെട്രോ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) | കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് വേഗതയേറിയതും സുരക്ഷിതവുമായ ജലയാനങ്ങൾ ഉപയോഗിച്ച് ജലഗതാഗതം ആധുനികവത്ക്കരിക്കുന്നതിനും കൂടാതെ കൊച്ചി കായലിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനും വേണ്ടി 579.71 കോടി രൂപ (85 മില്ല്യൻ യൂറോ) ജർമ്മൻ വായ്പാ ഏജൻസിയായ ക്രെഡിറ്റൻസ്റ്റാൾട്ട് ഫർ വെദർവബു (കെ.എഫ്.ഡബ്ല്യു) വായ്പയും സംസ്ഥാന സർക്കാരിന്റെ ഓഹരി വിഹിതമായി 102.30 കോടിരൂപയും സ്വകാര്യപങ്കാളിത്തവും ചേർത്ത് ആകെ 747.28 കോടിരൂപ ചെലവു പ്രതീക്ഷിച്ചു കൊണ്ട് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടപ്പാക്കുന്ന പദ്ധതിയാണ് വാട്ടർ മെട്രോ. 4 വർഷം കൊണ്ട് പൂർത്തീകരിക്കപ്പെടുന്ന തരത്തിൽ നൂതനനാവികസുരക്ഷ ഉറപ്പാക്കിയ ബോട്ട് ജട്ടികളും (38 എണ്ണം), യാനങ്ങളും (78 എണ്ണം) ഉൾപ്പെടുത്തിയ 76 കിലോമീറ്റർ ജലഗതാഗത മാർഗ്ഗവികസനം പദ്ധതി ലക്ഷ്യമിടുന്നു. ജലഗതാഗതമാർഗ്ഗങ്ങളുമായി ബന്ധപ്പെട്ട് താമസിക്കുന്ന 3 ലക്ഷം ജനങ്ങളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റപ്പെടുമെന്നും 2016 ൽ 35000 ഉം ക്രമേണ 90000 ഉം യാത്രികർ ഉണ്ടാകുമെന്നും കണക്കാക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി ആലപ്പുഴ ജില്ലയിലെ പെരുമ്പളം വരെ നീട്ടുന്നതിനും അതിലൂടെ നാഷണൽ ഹൈവേയിലെ തിരക്ക് കുറയ്ക്കുന്നതിനും സഹായകമാകുന്ന നടപടികൾ സ്വീകരിയ്ക്കുമോ : | (ബി) | ഭാവിയിൽ പരിഗണിക്കാവുന്നതാണ്. |
| (സി) | സമയബന്ധിതമായി വാട്ടർ മെട്രോ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ ? | (സി) | സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ